**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1023** **02-02-2026 - ൽ മറുപടിയ്ക്ക്**

**വന്യജീവി ആക്രമണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ജെ. മാക്സി** | | **ശ്രീ. എ. കെ. ശശീന്ദ്രൻ (വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വനാതിർത്തികളിലെ താമസക്കാർ നേരിടേണ്ടിവരുന്ന വന്യജീവി ആക്രമണവും കൃഷി നശിപ്പിക്കലും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇതിൽനിന്നും ജനത്തെ രക്ഷിക്കാനും ഒപ്പം വന്യജീവികളെ സംരക്ഷിക്കാനുമുള്ള മാസ്റ്റർ പ്ലാൻ നടപ്പിലാക്കൽ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കുമോ; | (ബി) | സംസ്ഥാനത്തെ 273 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ വരുന്ന പ്രദേശങ്ങളിലാണ് മനുഷ്യ-വന്യജീവി സംഘർഷം കൂടുതലായി അനുഭവപ്പെട്ടു വരുന്നത്. ടി പ്രദേശങ്ങളെ 12 ലാൻഡ്സ്കേപ്പുകളായി തിരിച്ച് ഓരോ ലാൻഡ്സ്കേപ്പിനും അനുയോജ്യമായ മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ ലാൻഡ്സ്കേപ്പ് തല പ്ലാനുകൾ തയ്യാറാക്കുകയും ആയത് വിവിധ തലങ്ങളിൽ ചർച്ച ചെയ്ത് ആവശ്യമായ ഭേദഗതികൾ വരുത്തുകയും ചെയ്തിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പുതിയ ഭരണ സമിതികൾ നിലവിൽ വന്നിട്ടുള്ളതിനാൽ ലാൻഡ്സ്കേപ്പ് പ്ലാനുകൾ അതാത് തദ്ദേശസ്വയംഭരണ സ്ഥാപന മേധാവികൾ ഉൾപ്പെടുന്ന സദസ്സിൽ വീണ്ടും അവതരിപ്പിച്ച് അന്തിമരൂപം നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനതല മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ നയം തയ്യാറാക്കി വരികയുമാണ്. |
| (സി) | ഇതുമായി ബന്ധപ്പെട്ട് കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ ഓരോ വർഷവും എത്ര ആക്രമണങ്ങൾ രജിസ്റ്റർ ചെയ്തു; എത്രപേർ ആക്രമണത്തിനിരയായി; എത്ര ജീവഹാനി സംഭവിച്ചു; ജീവഹാനി സംഭവിച്ചവരുടെ കുടുംബങ്ങൾക്ക് എന്തൊക്കെ സഹായങ്ങൾ നൽകി; വിശദാംശം ലഭ്യമാക്കുമോ? | (സി) | ഇതുമായി ബന്ധപ്പെട്ട് കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ ഓരോ വർഷവും രജിസ്റ്റർ ചെയ്ത മനുഷ്യ-വന്യജീവി സംഘർഷങ്ങളിൽ ജീവഹാനി സംഭവിച്ചതും പരിക്ക് പറ്റിയതും കാലിനഷ്ടവും കൃഷിനാശവും ഉൾപ്പെടെ ആകെ സംഭവങ്ങൾ അനുബന്ധം (1) ആയി ചേർക്കുന്നു.<br><br>ഇതിന് പുറമേ വനത്തിന് പുറത്ത് വച്ച് പാമ്പുകടിയേറ്റ് ഇക്കാലയളവിൽ 233 പേർ മരണപ്പെട്ടിട്ടുണ്ട്. ആയതിന്റെ വിവരങ്ങൾ അനുബന്ധം (2) ആയി ചേർക്കുന്നു. |

| | | | |
|---|---|---|---|
| | | | മേൽ മനുഷ്യ-വന്യജീവി സംഘർഷങ്ങളിൽ മരണപ്പെട്ടിട്ടുള്ള 433 പേരുടെ ആശ്രിതർക്കായി 2558.17 ലക്ഷം രൂപ നഷ്ടപരിഹാരമായി അനുവദിച്ചിട്ടുള്ളതാണ്. കൂടാതെ ഇക്കാലയളവിൽ മരണപ്പെട്ടവരുടെ ആശ്രിതരായ മൂന്നു പേർക്ക് താൽക്കാലിക വാച്ചർമാരായും ഒരാൾക്ക് ഇക്കോട്ടൂറിസം സെന്ററിലെ താൽക്കാലിക ഗൈഡായും ദിവസവേതനാടിസ്ഥാനത്തിൽ ജോലി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം (1)</u>

| ക്രമ നം. | വർഷം | ആകെ രജിസ്റ്റർ ചെയ്ത സംഭവങ്ങൾ | ജീവഹാനി സംഭവിച്ചത് | പരിക്ക് പറ്റിയത് |
|---|---|---|---|---|
| 1 | 2020-21 | 8,143 | 36 | 988 |
| 2 | 2021-22 | 8,036 | 48 | 758 |
| 3 | 2022-23 | 6,642 | 41 | 1,275 |
| 4 | 2023-24 | 10,797 | 42 | 1,603 |
| 5 | 2024-25 | 8,533 | 33 | 1,705 |
| ആകെ | | 42,151 | 200 | 6,329 |

അനുബന്ധം **(2)**

| വർഷം | വനത്തിന് പുറത്ത് പാമ്പുകടിയേറ്റ് മരണപ്പെട്ടവർ |
|---|---|
| 2020-21 | 52 |
| 2021-22 | 65 |
| 2022-23 | 48 |
| 2023-24 | 34 |
| 2024-25 | 34 |
| **ആകെ** | **233** |